## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

23.03.2018 ലെ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4879

### പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായത്തിന്റെ ക്ഷേമത്തിനു വേണ്ടിയുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായത്തിന്റെ ക്ഷേമത്തിനു വേണ്ടി സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കി യിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | പട്ടികജാതി ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5000 ഹൈസ്കൂൾ വിദ്യാർത്ഥി കൾക്ക് എല്ലാ പഠനസൗകര്യങ്ങളോടും കൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള 'പഠനമുറി' എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യ നിധിയ്ക്ക് അംഗീകാരം നൽകുകയും 2017-18 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>3. ബി.ആർക്, എംഫിൽ, പി.എച്ച്.ഡി എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കൂടി ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി നടപ്പിലാക്കി |
| (ബി) | എങ്കിൽ പദ്ധതികൾ ഏതെല്ലാ മാണെന്നും പ്രസ്തുത പദ്ധതികൾ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നു.<br>4. പട്ടികജാതി വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ.കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി ഒരു മുട്ടയും ഒരു ഗ്ലാസ് പാലും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>5. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>6. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നഴ്സിംഗ് പൂർത്തിയാക്കിയ യുവതി യുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ പ്രതിമാസം 15000/- രൂപ ധനസഹായത്തോടെ നഴ്സിംഗ് പരിശീലനം നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br>7. 280 സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമം പദ്ധതി ആരംഭിച്ചു.<br>8. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പാക്കി.<br><br>പട്ടികവർഗ്ഗ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സാമൂഹിക പഠനമുറി - (6.21 കോടി) പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.<br>2. ഗോത്രബന്ധു (4 കോടി) - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുള്ള പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റ്റി.റ്റി.സി, ബി.എഡ് യോഗ്യതയുള്ള പ്രദേശത്തെ ഒരു യുവ വിദ്യാസമ്പന്ന |

നെ ആദിവാസി ഭാഷയുടെയും മലയാള ഭാഷയുടേയും അറിവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്ന പദ്ധതി പ്രകാരം 241 പേരെ തെരഞ്ഞെടുത്ത് വയനാട് ജില്ലയിൽ വിവിധ സ്കൂളുകളിൽ നിയമനം നടത്തി പദ്ധതിനടപ്പിലാക്കി വരുന്നു. .

3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം - (100 കോടി)

(എ) **<u>അടിസ്ഥാനസൗകര്യങ്ങൾ</u>**

അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങളിൽ പിന്നോക്കാവസ്ഥയിലുള്ള 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) **<u>എം.ജി.എൻ.ആർ.ഇ.ജി.എസ് - തൊഴിലിനുള്ള വേതനം</u>**

എം.ജി.എൻ.ആർ.ഇ.ജി.എസ് - പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി) **<u>പി.കെ. കാളൻ കുടുംബസഹായ പദ്ധതി</u>**

പി.കെ. കാളൻ കുടുംബസഹായ പദ്ധതി പ്രകാരം ചിന്നിചിതറി താമസിക്കുന്ന കുടുംബങ്ങളുടെ വിവരശേഖരം നടത്തി വരുന്നു.

1. **<u>ഗോത്രവാത്സല്യനിധി -(2 കോടി)</u>**

പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ എൽ.ഐ.സി. യുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2014 ഏപ്രിൽ മുതൽ ജനിച്ച 800 പെൺകുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| | | | | 2. **വയനാട് ഗോത്രഭാഷ പഠന കേന്ദ്രം**<br>3. **ആരോഗ്യ വിദ്യാഭാസ പരിപാടി** തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടി നടപ്പിലാക്കി വരുന്നു.<br>4. പോഷകാഹാരക്കുറവ്, ശിശുമരണ, മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചാരണ പരിപാടി, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.<br>5. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആധുനിക വൈദ്യസഹായം എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി 6 ജില്ലകളിൽ മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 8 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ കൂടി ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.<br>6. സമ്പൂർണ്ണവൈദ്യുതീകരണത്തിനായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു.<br><br>KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് എം.ആർ.എസ്/ ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്<br><br>പിന്നോക്ക സമുദായക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധംഒന്നായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക പൊതുവെ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും; ഈ ആനുകൂല്യങ്ങൾ ലഭ്യമാകാനുള്ള നടപടിക്രമങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ; | (സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അനുബന്ധം 2 ഉം 3 ഉം ആയി ചേർക്കുന്നു.<br>ആനുകൂല്യങ്ങൾ ലഭിക്കേണ്ടവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിവിധ പദ്ധതികൾക്ക് ആവശ്യമായ രേഖകൾ എന്നിവ അടങ്ങുന്ന അപേക്ഷ ബന്ധപ്പെട്ട ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. |
| (ഡി) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട എത്രപേരുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (ഡി) | ജില്ലതിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു. |
| (ഇ) | ഇതുവരെ ആനുകൂല്യങ്ങൾ ഒന്നും കൈപ്പറ്റാത്തവർ എത്രയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ഇ) | ആനുകൂല്യങ്ങൾ കൈപ്പറ്റാത്തവരുടെ വിവരം ശേഖരിച്ചിട്ടില്ല. |
| (എഫ്) | പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ സംസ്ഥാനത്തിലുണ്ടെന്ന് ജില്ലതിരിച്ച വ്യക്തമാക്കാമോ; | (എഫ്) | ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ച വരുന്നു. |
| (ജി) | ഇവർക്ക ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും; ഇത് കൈപ്പറ്റാത്ത ആളുകൾ ഉണ്ടോ എന്നും വ്യക്തമാക്കാമോ? | (ജി) | **<u>പട്ടികജാതി വിഭാഗം</u>**<br>പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1) സ്കൂൾ<br>2) പ്രീ മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ<br>a) ലംപ്സം ഗ്രാന്റ്<br>b) സ്റ്റൈപന്റ്<br>c) 9,10 ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ്<br>d) വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള ധനസഹായം<br>e) അൺ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീ, റീ-ഇംപേഴ്സ്മെന്റ്<br>f) ബോർഡിംഗ് സ്കൂളുകളിൽ പഠിക്കുന്നതിനുള്ള സൗകര്യം<br>g) അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.<br>h) മോഡൽ റസിഡൻഷ്യൽ സ്കൂൾ |

| | | | |
|---|---|---|---|
| | | | I) പ്രീ മെട്രിക് ഹോസ്റ്റലുകൾ<br>j) സബ്സിഡൈസ്ഡ് ഹോസ്റ്റൽ<br>k) അയ്യൻകാളി മെമ്മോറിയൽ സ്പോർട്സ് റസിഡൻഷ്യൽ സ്കൂൾ<br><br>3) പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ<br>a) ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്<br>b) അംഗീകൃത ഹോസ്റ്റൽ ലഭ്യമാകാത്തവർക്കുള്ള ആനുകൂല്യം<br>c) വാർഷിക പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള കാഷ് അവാർഡ്<br>റാങ്ക് ജേതാക്കൾക്ക് സ്വർണ്ണമെഡൽ<br>d) മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം.<br>e) സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം<br>f) എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്<br>g) പ്രൈമറി എഡ്യുക്കേഷൻ എയിഡ്<br>h)ലാപ് ടോപ് വാങ്ങുന്നതിനുള്ള ധനസഹായം<br>I) സ്റ്റെതസ്കോപ് വിതരണം<br>j) ബിരുദബിരുദാനന്തര കലാ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന<br>k) പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം<br>l) ഗവ.ഓഫ് ഇന്ത്യ സ്കോളർഷിപ്പ്<br>m) ഈവനിംഗ് കോഴ്സ് പഠിക്കുന്നതിനുള്ള ധനസഹായം<br>n) വിദൂര വിദ്യാഭ്യാസത്തിനുള്ള ധനസഹായം<br>o) സംസ്ഥാനത്തിനു പുറത്ത് പഠനം നടത്തുന്നവർക്കുള്ള ധനസഹായം<br>p) ഭാരതത്തിനു പുറത്ത് പഠിക്കുന്നതിനുള്ള ധനസഹായം<br>q) പാരലൽ കോളേജ് പഠനത്തിന് ധനസഹായം<br>r) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് |

s) കമ്മ്യൂണിറ്റി കോളേജ്, പാലക്കാട്

t) പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

u) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി, തിരുവനന്തപുരം

v) പാരാമെഡിക്കൽ സ്ഥാപനങ്ങൾ

w) മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്, പാലക്കാട്

x) ബുക്ക് ബാങ്ക് പദ്ധതി

y) പഠന യാത്രാ പര്യടന പരിപാടി

z) പാലക്കാട് മെഡിക്കൽ കോളേജ്

പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന്, വിദ്യാഭ്യാസ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വിദ്യാഭ്യാസ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**<u>സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ</u>**

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് നൽകുന്നു. പെരിപ്പറ്റെറ്റിക്, ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്കും സർക്കാർ സ്കൂളുകളിലെ പ്രീമെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റും നൽകുന്നു.

പത്താം ക്ലാസിന് മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് (പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം) എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നു. ടി തുക ഇ-ഗ്രാന്റ്സ് പദ്ധതി മുഖേനയാണ് നൽകി വരുന്നത്. കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിനു പകരം യഥാർത്ഥ താമസ ഭക്ഷണ ചെലവും പോക്കറ്റ് മണിയും

| | | | |
|---|---|---|---|
| | | | നൽകുന്നു.<br>സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗ രേഖ പ്രകാരം വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നു.<br>സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്നുണ്ട്.<br>അഞ്ചാം ക്ലാസ്സ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന (അയ്യങ്കാളി മെമ്മോറിയൽ ടാലൻറ് സെർച്ച് ആൻറ് ഡെവലപ്പ്മെൻറ് പദ്ധതി) കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് (ട്യൂട്ടോറിയൽ ഗ്രാൻറ് പദ്ധതി) ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് (വസ്ത്ര വിതരണ പദ്ധതി) വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് (ബോർഡിംഗ് ഗ്രാൻറ്), സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠന യാത്രയായ ഭാരത ദർശൻ, പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാൻറ് എന്നീ പദ്ധതികളും നടത്തി വരുന്നു.കൂടാതെ മെഡിക്കൽ എഞ്ചിനിയിറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചിലവിനത്തിൽ ധനസഹായം നൽകുന്നു.<br>**<u>വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പ്രത്യേക പരിപാടികൾ</u>**<br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം, സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലനവും, എം.ബി.ബി.എസ്., എഞ്ചിനിയറിംഗ് കോഴ്സുകൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനവും വർഷം തോറും നൽകി വരുന്നു. തെരഞ്ഞെടുക്കപ്പെട്ട പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേയ്ക്കായി സാമൂഹ്യ പഠനമുറി പദ്ധതി നടപ്പിലാക്കിവരുന്നു.<br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടിക വർഗ്ഗത്തിൽ തന്നെയുള്ള റ്റി.റ്റി.സി, ബി.എഡ്. പാസ്സായ യുവതി യുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി, വിദൂരവും വനപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് വാഹനം സൗകര്യം ഏർപ്പെടുത്തുന്ന (ഗോത്രസാരഥി പദ്ധതി) എന്നിവ വകുപ്പ് നടപ്പിലാക്കി വരുന്നു.<br>പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ സാക്ഷരതാ മിഷൻ മുഖേന പട്ടികവർഗ്ഗ കോളനികളിൽ (സമഗ്ര) ആദിവാസി സാക്ഷരതാപദ്ധതി നടപ്പിലാക്കി വരുന്നു.<br>അട്ടപ്പാടിയിൽ നിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2016 - 17 വർഷം മുതൽ സൈനിക സ്കൂൾ, നവോദയ വിദ്യാലയം, എം.ആർ.എസ്സുകൾ, കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിൽ പ്രവേശനത്തിനായി പരീക്ഷാ പരിശീലനം നടപ്പിലാക്കി വരുന്നുണ്ട്.<br>പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്വയം തൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനും സഹായം നൽകുന്നതിനുമായി "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമുള്ള സഹായം" എന്ന പദ്ധതി മുഖേന ഐ.റ്റി മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് വകുപ്പിന്റെ കീഴിൽ ഒരു സെൻറർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് ആരംഭിക്കുന്ന പദ്ധതിയും, പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിന് അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന വിവിധ സാങ്കേതിക |

| | | | |
|---|---|---|---|
| | | | വിഷയങ്ങളിൽ പരിശീലനം, സെൻറർ ഫോർ ബയോ പോളിമർ സയൻസ് ആൻറ് ടെക്നോളജി മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ പരിശീലനം, ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന അട്ടപ്പാടിയിൽ ഡി.സി.എ കോഴ്സ് പരിശീലനം, എത്തിയോസ് എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെൻറിൽ പരിശീലനം, സെൻറ്ർ ഫോർ ഡെവലപ്മെൻറ് ഓഫ് ഇമേജിംഗ് ടെക്നോളനി മുഖേന മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകുന്ന വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നു.<br>നടപ്പ സാമ്പത്തികവർഷം 635 വിദ്യാർത്ഥികൾ ആനുകൂല്യങ്ങൾക്കായി വേണ്ടത്ര രേഖകൾ സമർപ്പിക്കാത്തതുകൊണ്ട് അവർക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ നൽകുവാൻ സാധിച്ചിട്ടില്ല. ആവശ്യമായ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ നൽകുവാൻ സാധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം I

## I) അരിവാൾ രോഗികൾക്കുള്ള സ്വയംതൊഴിൽ ധനസഹായ പദ്ധതി

പിന്നാക്ക സമുദായത്തിൽപ്പെട്ട വയനാട് ജില്ലയിലെ അരിവാൾ രോഗം അഥവാ അരിവാൾ കോശ വിളർച്ച (sickle cell disease – SCD) ബാധിതരായ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് / രോഗികളുടെ രക്ഷിതാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പുതിയ ധനസഹായ പദ്ധതിയാണിത്. പരമാവധി 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിയ്ക്കുന്നു.

## II) പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭം തുടങ്ങുന്നതിന് ധനസഹായം

സംസ്ഥാനത്തിലെ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ബിരുദ തലത്തിലുള്ള വിവിധ പ്രൊഫഷണൽ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ യുവജനങ്ങൾക്ക് മികച്ച സ്വകാര്യ സംരംഭങ്ങൾ സ്റ്റാർട്ട് അപ് മാതൃകയിൽ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. കേരള പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹായത്തോടെ പരമാവധി 10 ലക്ഷം രൂപ വരെ വായ്പ ആയി അനുവദിയ്ക്കുകയും, 20% തുക അല്ലെങ്കിൽ പരമാവധി 2,00,000/- രൂപ സബ്സിഡിയായി നൽകുകയും ചെയ്യുന്നു.

## III) UGC/NET/ JRF/MAT/GATE പരീക്ഷകൾക്കുള്ള പരിശീലനം

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിൽ നിന്നും ബിരുദാനന്തര ബിരുദ പരീക്ഷ പാസ്സായവർക്ക് UGC/NET/JRF പരീക്ഷകളിൽ പരിശീലനം ലഭ്യമാക്കുന്നതിന് ഗ്രാന്റ് നൽകുന്നതിന് ലക്ഷ്യമിടുന്നു. അതോടൊപ്പം എഞ്ചിനീയറിംഗ് / മാനേജ്മെന്റ് കോഴ്സുകളിലെ ഉപരിപഠനത്തിനുള്ള GATE/MAT പരീക്ഷകളിലും ഒ.ബി.സി വിഭാഗം വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനും ലക്ഷ്യമിടുന്നു. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം അധികരിക്കാത്ത ഉദ്യോഗാർത്ഥികൾ / വിദ്യാർത്ഥികൾ. ഓരോ മത്സര പരീക്ഷയുടേയും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയിൽ 60% ത്തിലേറെ മാർക്ക് നേടിയവരായിരിക്കണം. UGC / JRF പരീക്ഷകളിൽ മാനവിക വിഷയങ്ങളിൽ ഒ.ബി.സി വിഭാഗത്തിന് അപേക്ഷിക്കാനുള്ള അടിസ്ഥാന മാർക്ക് ശതമാനം മതിയാകുന്നതാണ്.

***********

സെക്ഷൻ ഓഫീസർ

അനുബന്ധം- 1

## പട്ടികജാതി ക്ഷേമത്തിനായി നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ

1) ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി
   a) പഠന മുറി
2) ഭവനരഹിതർക്ക് ഭവനം
3) പട്ടികജാതി വിഭാഗത്തിലെ ദുർബ്ബല വിഭാഗത്തിനുള്ള വികസന പരിപാടികൾ
4) പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്
5) മരാമത്തും കെട്ടിടവും
6) പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭങ്ങളും
7) പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി)
8) പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം
9) പട്ടികജാതി യുവതികൾക്ക് വിവാഹധനസഹായം
10) വെള്ളായണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃക റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്
11) പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം
12) തൊഴിലിനും, പരിശീലനത്തിനും മാനവവിഭവശേഷി വികസനത്തിനുമുള്ള സഹായം
13) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്-എസ്.സി.പി. (51% സംസ്ഥാന വിഹിതം)
14) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം ( സംസ്ഥാന വിഹിതം)
15) പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50 % സംസ്ഥാന വിഹിതം)
16) വാത്സല്യനിധി പദ്ധതി
17) എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ
18) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ
   a) പ്രധാനമന്ത്രി ആവാസ് യോജന പ്രത്യേക ഘടകപദ്ധതി (40% സംസ്ഥാന വിഹിതം)
   b) എൻ. ആർ.എൽ.എം. (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടകപദ്ധതി (40% സംസ്ഥാന വിഹിതം)
19) പ്രത്യേക ഘടക പദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായം.

കൂടാതെ താഴെ പറയുന്ന 100% കേന്ദ്രധനസഹായത്തോടെയുള്ള പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു

1) പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
2) പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ
3) പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന 100% കേന്ദ്രാവിഷ്കൃത പദ്ധതി
4) വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പുകൾ
5) 9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് ( 100% കേന്ദ്രവിഹിതം)

സെക്ഷൻ ഓഫീസർ

അനുബന്ധം 3

## പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന വിവിധ വികസന പദ്ധതികൾ (അനുബന്ധം)

| ക്രമ നം | പദ്ധതികൾ |
|---|---|
| എ | സംസ്ഥാന പദ്ധതികൾ |
| 1 | **വിദ്യാർത്ഥികൾക്ക് പ്രോൽസാഹനവും സഹായവും** |
| | (1) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹനം. |
| | (2) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി |
| | (3) സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം |
| | (4) അനാഥരായ കുട്ടികൾക്കുള്ള സഹായം |
| | (5) വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം |
| 2 | **പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം** |
| 3 | വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐ.ഇ.സി) |
| 4 | ഭവന നിർമ്മാണം |
| 5 | **പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്)** |
| 6 | **അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. (പുതുക്കിയ എ.റ്റി.എസ്.പി ഫണ്ട്/ പ്രത്യേക പാക്കേജ്)** |
| | **അടിസ്ഥാന സൗകര്യങ്ങൾ** |
| | **എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലിനുള്ള വേതനം.** |
| | **ആരോഗ്യം** |
| | **2013-14 മുതൽ വകുപ്പ് നടപ്പിലാക്കിയിരുന്ന ഹാംലെറ്റ് ഡെവലപ്മെന്റ് സ്കീമിന്റെ സ്പിൽഓവർ പണികൾക്കുള്ള തുക ഈ പദ്ധതിയിൽ നിന്ന് ചെലവാക്കുന്നതാണ്.** |
| | പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി |
| 7 | ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം) |
| 8 | **പൂൾഡ് ഫണ്ട് - പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുന്നതും മറ്റ് വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രത്യേക പ്രോജക്ടുകൾക്കായുള്ള ഫണ്ട്** |
| 9 | **എ). മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനുള്ള ചെലവുകൾ.** |
| 10 | **പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ** |
| | *പ്രാക്തനാ ഗോത്രവർഗ്ഗക്കാർക്ക് പെരിപ്പതറ്റിക് വിദ്യാഭ്യാസം* |
| | *വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി* |
| | *ഗോത്ര സാരഥി* |
| | *സാമൂഹിക പഠനമുറി ആദിവാസി സങ്കേതങ്ങളിൽ സാമൂഹ്യ പഠനമുറി ( പുതിയ ഘടകം)* |

| | |
|---|---|
| 11 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ |
| | പ്രീമെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ |
| 12 | സമഗ്ര പട്ടികവർഗ്ഗ ആരോഗ്യസംരക്ഷണം |
| | ആർട്ടിക്കിൾ 275(1) പ്രകാരമുള്ള പദ്ധതികൾ |
| 13 | ഭക്ഷണത്തിനു ള്ള സഹായ/സുരക്ഷക്കുള്ള പരിപാടി |
| 14 | പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമുള്ള സഹായം |
| 15 | ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഓണറേറിയം |
| | 1. ട്രൈബൽ പ്രൊമോട്ടർമാർ |
| | 2. ഊരുകൂട്ടങ്ങളുടെ സംഘാടനം |
| | 3. മാനേജ്മെന്റ് പരിശീലകർക്കും ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കുമുള്ള ഓണറേറിയം. |
| | 4. ഹോസ്റ്റലുകളിലുംഎം.ആർഎസ്സിലുമുള്ള കൗൺസിലർമാർക്ക് ഓണറേറിയം. |
| | 5. പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ. |
| | ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം |
| 16 | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം |
| | 1. പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധനസഹായം |
| | 2. സിക്കിൾ-സെൽ അനീമിയ രോഗികൾക്കുള്ള സഹായം |
| | 3. ജനനി ജന്മരക്ഷ |
| | 4. പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം |
| | 5. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് എൻഡോവ്മെന്റ് പരിപാടി (ഗോത്ര വാത്സല്യ നിധി) |
| 17 | 1. അടിയൻ, പണിയൻ, പ്രാക്തനാഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി |
| | 1. അടിയൻ, പണിയൻ,പ്രാക്തനാഗോത്രവർഗ്ഗ വിഭാഗം |
| | വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം. |
| | ആശ്രമതി മന്ദിരം |
| 18 | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നവീകരണം |
| 19 | 1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകലും നിയമം നടപ്പാ ക്കലും. |
| 20 | ആദികലാഗ്രാമം |
| | പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരുകുടക്കീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം സംസ്ഥാന വിഹിതം) |

| | |
|---|---|
| 21 | എ. പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുക ളുടെയും നിർമ്മാണം (50 ശതമാനം സംസ്ഥാന വിഹിതം) |
| | ബി. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം 50 ശതമാനം) |
| 22 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (സംസ്ഥാന വിഹിതം 50 ശതമാനം) |
| 23 | ഇ. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എ സ്.പി (51 ശതമാനം സംസ്ഥാന വിഹിതം) |
| 24 | സി. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50 ശതമാനം) |
| 25 | പട്ടികവർഗ്ഗ ഉപപദ്ധതി-തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ |
| 26 | ഗ്രാമവികസന പരിപാടികൾ |
| | 1. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ( പി. എം. എ. വൈ) |
| | 2. എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷ) ( 60 ശതമാനം കേന്ദ്ര വിഹിതം) |
| | 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ |
| 26 | പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം |
| 27 | പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ:- |
| 28 | 9-ാം ക്ലാസ്സിലും 10-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ (100 ശതമാനം കേന്ദ്ര സഹായ പദ്ധതി) |
| 29 | പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (100 ശതമാനം കേന്ദ്ര സഹായം ) |
| 30 | മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം (100% കേന്ദ്ര സഹായം ആർട്ടിക്കിൾ 275(1) പ്രകാരം ) :- |
| 31 | ആർട്ടിക്കിൾ 275(1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം(2006)നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ ) |
| 32 | പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം :- |
| 33 | പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ |
| 34 | പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണവും വികസനവും ചേർന്നുള്ള പദ്ധതി (സി.സി.ഡി പദ്ധതി). |
| 35 | കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ |
| 36 | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം |

| | |
|---|---|
| 37 | പട്ടികവർഗ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ :- |
| 38 | വനബന്ധു കല്യാൺ യോജന |
| | 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ |
| 39 | ഗ്രാമവികസന പരിപാടികൾ |
| | 1. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ( പി. എം. എ. വൈ) |
| | 2. എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷ) ( 60 ശതമാനം കേന്ദ്ര വിഹിതം) |
| 40 | പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരുകുടകീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |
| | എ. പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുക ളുടെയും നിർമ്മാണം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |
| | ബി. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം ((50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |
| 41 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |
| 42 | ഇ. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എ സ്.പി(49 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം)) |
| 43 | സി. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |

സെക്ഷൻ ഓഫീസർ